പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1446 16-10-2026-ൽ മറുപടിയ്ക്ക്

<u>വെള്ളപ്പൊക്കവും വിളനാശവും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. സി. കെ. കാസിം

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പാറക്കൽ അബ്ദുല്ല

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** എല്ലാ വർഷവും മൺസൂൺ കാലത്ത് ആവർത്തിച്ചുണ്ടാകുന്ന വെള്ളപ്പൊക്കവും വിളനാശവും മൂലം ദുരിതത്തിലാകുന്ന കർഷകർക്ക് ശാശ്വതമായ സംരക്ഷണം ഉറപ്പാക്കാൻ എന്തെങ്കിലും ദീർഘകാല പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എല്ലാ വർഷവും മൺസൂൺ കാലത്ത് ആവർത്തിച്ചുണ്ടാകുന്ന വെള്ളപ്പൊക്കവും വിളനാശവും മൂലം ദുരിതത്തിലാകുന്ന കർഷകർക്ക് ശാശ്വതമായ സംരക്ഷണം ഉറപ്പാക്കുന്നതിനായി കേരള സർക്കാരും കൃഷിവകുപ്പും താഴെപ്പറയുന്ന ദീർഘകാല പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്:

*പ്രകൃതിദുരന്തങ്ങൾ മൂലം വിളനാശം സംഭവിക്കുന്ന കർഷകർക്ക് കൃത്യമായ സാമ്പത്തിക നഷ്ടപരിഹാരവും ദുരിതാശ്വാസ സഹായങ്ങളും നൽകിവരുന്നു. കൂടാതെ ഇതിന്റെ ഭാഗമായി ഹ്രസ്വകാല വിളകളുടെ വിത്തുകൾ ഉൾപ്പെടുത്തി ബഫർ സ്റ്റോക്ക് രൂപീകരിക്കുകയും, ദുരന്ത സമയത്ത് കർഷകർക്ക് ആവശ്യമായ വിത്തുകൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്നു.

*സംസ്ഥാന പുനരാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതി **(Kerala Restructured State Crop Insurance Scheme):** കേരളത്തിലെ കർഷകരെ സംരക്ഷിക്കുന്നതിനായി കൃഷിവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന സമഗ്രമായ പദ്ധതിയാണിത്. തെങ്ങ്, നെല്ല്, വാഴ, പച്ചക്കറികൾ ഉൾപ്പെടെയുള്ള പ്രധാന വിളകൾക്ക് കുറഞ്ഞ പ്രീമിയത്തിൽ ഇതിലൂടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയോജിതമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയിലും (RWBCIS) കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നു.

*വെതർ ഇൻഫർമേഷൻ നെറ്റ്‌വർക്ക് & ഡാറ്റാ സിസ്റ്റം **(WINDS):** WINDS-ന്റെ ഭാഗമായി കേരളത്തിൽ ആകെ 971 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും (AWS), റെയിൻ ഗേജുകളും (ARG) സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ സ്ഥാപിക്കുന്ന 971 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ (AWS), ഓട്ടോമാറ്റിക് റെയിൻ ഗേജുകൾ (ARG) എന്നിവയിലൂടെ അന്തരീക്ഷ താപനില, ആർദ്രത, മഴയുടെ അളവ്, കാറ്റിന്റെ വേഗത തുടങ്ങിയ നിർണ്ണായക വിവരങ്ങൾ - സൂക്ഷ്മ കാലാവസ്ഥാ വിവരശേഖരണം (Hyperlocal Weather Data) - കൃത്യമായി ശേഖരിക്കുവാൻ സാധ്യമാകുന്നതാണ്.

**(ബി)** വെള്ളപ്പൊക്കത്തെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കാൻ കഴിയുന്ന പ്രത്യേക വിത്തിനങ്ങളും കാർഷിക രീതികളും പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** **1)** വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്ന് പുറത്തിറക്കിയ Vyttila 1 മുതൽ Vyttila 11 വരെയുള്ള 11 പൊക്കാളി നെല്ലിനങ്ങൾ.

**2)** ആർ.എ.ആർ.എസ്. പട്ടാമ്പിയിൽ ഇതുവരെ പുറത്തിറക്കിയ ഇനങ്ങൾ ചുവടെ ചേർക്കുന്നു.

**<u>നാടൻ ഇനങ്ങൾ:</u>**

പി റ്റി ബി 4 - വെള്ളരി

പി റ്റി ബി 5 - വെളുത്തരി കയമ

പി റ്റി ബി 15 - കവുങ്ങിൻ പൂത്താല

പി റ്റി ബി 16 - കവുങ്ങിൻ പൂത്താല

**<u>അത്യുൽപാദനശേഷിയുള്ളവ :</u>**

പി റ്റി ബി 44 – രശ്മി

പി റ്റി ബി 47 – നീരജ

പി റ്റി ബി 52 – ഐശ്വര്യ

പി റ്റി ബി 53 – മംഗളമഷൂരി

പി.ബി.വി. 15-യിൽ മ്യൂറ്റേഷൻ ബ്രീഡിങ് വഴി വെള്ളപ്പൊക്കത്തിനെ അതിജീവിക്കാനുള്ള ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണം നടത്തിവരുന്നു.

**3)** മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്ന് പുറത്തിറക്കിയ പുതിയ നെൽവിത്തിനങ്ങളായ MO 23, MO 24, MO 25 എന്നിവയ്ക്ക് കാലാവസ്ഥാ അനുരൂപീകരണ ശേഷിയുള്ളവയാണ്:

- **MO 24 (കെ.എ.യു. ആദ്യ):** നിലവിൽ വ്യാപകമായി കൃഷിചെയ്യുന്ന നെല്ലിനമായ MO 16 (ഉമ) യേക്കാൾ വെള്ളക്കെട്ടിനെ അതിജീവിക്കാൻ ശേഷിയുള്ളതും വിളവ് കൂടുതലുള്ളതുമാണ്. അപ്രതീക്ഷിത പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങളിൽ സുക്ഷിപ്താവസ്ഥയുള്ള നെല്ലിനം കതിരിൽ കിളിർക്കാത്തതും വീഴ്ച സ്വഭാവം ഇല്ലാത്തതും രോഗകീട പ്രതിരോധ ശേഷിയുള്ളതുമാണ്.
- **MO 25 (കെ.എ.യു. പുണ്യ)** എന്ന നെല്ലിനം പ്രകൃതിക്ഷോഭമുണ്ടാകുന്നതിതിനെ തുടർന്നുള്ള പ്രതികൂലമായ സാഹചര്യങ്ങളെ തരണം ചെയ്യാൻ കഴിയുന്നതാണ്. മാത്രവുമല്ല ഈ ഇനത്തിന് സുക്ഷിപ്താവസ്ഥയുള്ളതും വീഴ്ച സ്വഭാവം ഇല്ലാത്തതുമാണ്.
- **MO 23 (കെ.എ.യു. പൗർണമി):** അമിത ചൂടിനെ ചെറുക്കാനുള്ള കഴിവും സുക്ഷിപ്താവസ്ഥയുള്ളതും രോഗ പ്രതിരോധ ശേഷിയുള്ളതും താരതമ്യേന അധിക വളപ്രയോഗം വേണ്ടാത്തതുമാണ്.

**(സി)** കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും പ്രകൃതിദത്ത നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി ഡ്രെയിനേജ് സംവിധാനങ്ങൾ നവീകരിക്കുന്നതിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** സംയോജിത നീർത്തട പരിപാലനത്തിലൂടെ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണവും നീതിപൂർവ്വമായ ഉപയോഗവും വഴി സ്ഥിരതയുള്ള വികസനത്തിനും,

കാർഷികോൽപ്പാദന വർദ്ധനവിനും പരിസ്ഥിതി സംരക്ഷണത്തിനും നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സർക്കാർ ഉത്തരവ് (എം.എസ്.) നം. 49/2009/തസ്വഭവ തീയതി 7/4/2009 പ്രകാരം നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

ഓരോ പഞ്ചായത്തിലും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും കൃഷി ഓഫീസർ കൺവീനറായും മറ്റ് ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ അംഗങ്ങളായും രൂപീകരിച്ച നീർത്തട വികസന വർക്കിംഗ് ഗ്രൂപ്പ് ആണ് നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. നീർത്തടത്തിന്റെ വിസ്തൃതി, അതിരുകൾ, നീർത്തടത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം, കാലാവസ്ഥ, മഴയുടെ അളവ്, പ്രാദേശികമായ പ്രത്യേകതകൾ, മണ്ണിന്റെ തരം, ഭൂവിനിയോഗം, നീർച്ചാലുകൾ, അവയുടെ നീളം, ഘടന, പ്രത്യേകതകൾ, ജലസ്രോതസ്സുകൾ തുടങ്ങിയവ ഉൾപ്പെടുത്തി തയ്യാറാക്കിയവയാണ്.

ഓരോ നീർത്തടത്തിലുമുള്ള പ്രശ്നങ്ങൾ, പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, മണ്ണ്-ജലം സംരക്ഷണം, വനവൽക്കരണം, ഭൂവികസന പരിപാടികൾ, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, സംരക്ഷണം, സ്വാഭാവിക നീരൊഴുക്കുകളുടെ സംരക്ഷണം തുടങ്ങിയ ഇടപെടൽ പ്രവർത്തനങ്ങളും കൃഷി-അനുബന്ധ മേഖലകളിലെ വികസന പ്രവർത്തനങ്ങളും 2011-12 കാലയളവിൽ രൂപീകരിക്കപ്പെട്ട നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ അടിസ്ഥാനമാക്കി കാലോചിതമായ മാറ്റങ്ങൾ വരുത്തി നിലവിലെ കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

**(ഡി)** ഉണ്ടെങ്കിൽ, പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങളും അത് നടപ്പിലാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധിയും വ്യക്തമാക്കുമോ?

**മറുപടി:** നീർത്തടത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ, ഇടപെടലുകൾ തുടങ്ങിയവ സമാഹരിച്ച അടിസ്ഥാന രേഖയാണ് നീർത്തട മാസ്റ്റർ പ്ലാൻ, ഇത് നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**